## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1060

07.02.2013-ലെ മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ ചിറക്കുളം വിനോദസഞ്ചാര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ). കോട്ടയം ജില്ലയിലെ കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം വിനോദ സഞ്ചാര പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;<br><br>(ബി). ചിറക്കുളം വിനോദ സഞ്ചാര പദ്ധതി സംബന്ധിച്ച് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | **(എ)യും (ബി)യും**<br>കാണക്കാരി പഞ്ചായത്തിലെ ചിറക്കുളം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി). ചിറക്കുളം ടൂറിസം പദ്ധതി സംബന്ധിച്ച് ഡി.ടി.പി.സി. യ്ക്ക് എന്നാണ് ടൂറിസം ഡയറക്ടറേറ്റിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയത്; ആയതിന്റെ ഫയൽ നമ്പരും തീയതിയും ലഭ്യമാക്കാമോ? | (സി) 15/10/2012 തീയതിയിലെ പി2-15373/12 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ വിനോദ സഞ്ചാര വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ